സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ്, തിരുവനന്തപുരം
E-Mail - ccsasection@gmail.com

15 YEARS OF CELEBRATING THE MAHATMA

ഭരണഭാഷ-മാതൃഭാഷ

നം (സി.എസ്) എ.4 / 516/2020 തീയതി : 27-03-2020

സിവിൽ സപ്ലൈസ് ഡയറക്ടറിൽ നിന്നും

എല്ലാ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർക്കും
എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർ/
താലൂക്ക് സപ്ലൈ ഓഫീസർമാർ/
സിറ്റി റേഷനിംഗ് ഓഫീസർമാർക്കും

സർ,

വിഷയം - പൊതുവിതരണം - കോവിഡ് 19 - സൗജന്യ റേഷന്റെ വിതരണം - നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത്- സംബന്ധിച്ച്.

സൂചന - സർക്കാരിന്റെ 20.03.2020-ലെ 4337724/ഡി.1/2020/ഭ.സി.സ.വ. നമ്പർ കത്ത്.

..................................

സൂചന പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2020 ഏപ്രിൽ മാസത്തെ റേഷൻ വിഹിതം ചുവടെ പറയുന്ന രീതിയിൽ വിതരണം നടത്തേണ്ടതാണ്.

1) എ.എ.വൈ, പി.എച്ച്.എച്ച്. വിഭാഗങ്ങൾക്ക് നിലവിലുള്ള അർഹതപ്പെട്ട റേഷൻ വിഹിതം സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്.

2) പൊതു വിഭാഗം (സബ്സിഡി) വിഭാഗത്തിലുള്ളവർക്ക് 2020 ഏപ്രിൽ മാസത്തെ റേഷൻ വിഹിതം കാർഡൊന്നിന് പരമാവധി 15 Kg അരിയായി ക്രമീകരിച്ചിട്ടുണ്ട്. ആയതു പ്രകാരം കാർഡൊന്നിന് 15 Kg അരി സൗജന്യമായി വിതരണം നടത്തേണ്ടതാണ്.

3) പൊതു വിഭാഗം (നോൺ സബ്സിഡി) വിഭാഗത്തിലുള്ളവർക്ക് 2020 ഏപ്രിൽ മാസത്തെ റേഷൻ വിഹിതം കാർഡൊന്നിന് 15 Kg അരി സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്.

4) മേൽപ്പടി വിതരണം 2020 ഏപ്രിൽ ആദ്യ ആഴ്ച മുതൽ ആരംഭിക്കേണ്ടതാണ്.

Scanned with CamScanner

5) പൊതുവിഭാഗം (സബ്സിഡി), പൊതു വിഭാഗം (നോൺ സബ്സിഡി) വിഭാഗങ്ങൾക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമായ സ്റ്റോക്ക് തികയാതെ വരുന്നുവെങ്കിൽ മെയ്, ജൂൺ മാസങ്ങളിലെ ടൈഡ് ഓവർ വിഹിതത്തിൽ നിന്നും വിതരണം നടത്തേണ്ടതും വീണ്ടും തികയാതെ വരുന്ന സാഹചര്യമുണ്ടായാൽ എ.എ.വൈ, പി.എച്ച്.എച്ച്. വിഭാഗത്തിനുള്ള വിഹിതത്തിൽ നിന്നും വകമാറ്റി വിതരണം നടത്തേണ്ടതാണ്. ഇപ്രകാരം വകമാറ്റിയതിന്റെ കണക്ക് താലൂക്ക് സപ്ലൈ ഓഫീസർ പ്രത്യേകം സൂക്ഷിക്കേണ്ടതും ആയത് ജില്ലാ സപ്ലൈ ആഫീസർമാരുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

6) അതാതു താലൂക്ക്സപ്ലൈ ആഫീസർമാർ/റേഷനിംഗ് ഇൻസ്പെക്ടർമാർ മേൽപ്പടി നിർദ്ദേശ പ്രകാരം ക്രമീകരിക്കേണ്ടതും വിതരണം മുടങ്ങുന്നില്ല എന്ന ഉറപ്പ വരുത്തേണ്ടതുമാണ്.

7) സൗജന്യ റേഷൻ വിതരണത്തിന് ആവശ്യമായ പോളിസി കമ്മീഷണറേറ്റ് തലത്തിൽ സെറ്റ് ചെയ്യുന്നതാണ്.

8) സൗജന്യ റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ യഥാവിധി ജില്ല സപ്ലൈ ആഫീസർമാർ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

9) 2020 ഏപ്രിൽ മാസത്തെ റേഷൻ വിഹിതം വിട്ടെടുക്കുന്നതിന് 2020 മെയ് മാസത്തിൽ റിക്കൺസിലിയേഷൻ നടത്തണമെന്ന നിബന്ധനയോടുകൂടി ഭക്ഷ്യധാന്യങ്ങളുടെ വില റേഷൻ വ്യാപാരികൾക്ക് തുക അടവ് ഒഴിവാക്കി സൗജന്യമായി നൽകേണ്ടതാണ്.

വിശ്വസ്തതയോടെ
ഒപ്പ്/
റേഷനിംഗ് കൺട്രോളർ
സിവിൽ സപ്ലൈസ് ഡയറക്ടർക്കുവേണ്ടി

പകർപ്പ്:- (1)സെക്രട്ടറി,ഭക്ഷ്യ പൊതു വിതരണ വകുപ്പ്.(ആമുഖകത്തിനോടൊപ്പം)
(2) ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ
(3) വിജിലൻസ് ആഫീസർ. സിവിൽസപ്ലൈസ് കമ്മീഷണറേറ്റ്
(4) മാനേജർ, എൻ.എഫ്.എസ്.എ ഹെഡ് ഓഫീസ്, എറണാകുളം
(5)സീനിയർ സൂപ്രണ്ട് ഐ.റ്റി.സെൽ. സിവിൽസപ്ലൈസ് കമ്മീഷണറേറ്റ്

//അംഗീകാരത്തോടെ//

അസിസ്റ്റൻറ് സെക്രട്ടറി-II

Scanned with CamScanner